ഡോക്ടർ എ. ആർ. മേനോൻ; അതു് അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ വി. കെ. കുട്ടി: 21 വയസ്സു് തികയാത്തവർ ഡിപ്പാർട്ട്മെണ്ടിനുള്ളിൽ ജോലി ചെയ്യുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: അതു് ആരാണു്?

ഡോക്ടർ എ. ആർ. മേനോൻ: ഒരു സ്ത്രീയാണു്.

മിസ്റ്റർ എ. വി. മൂത്തേടൻ: ബഹുമാനപ്പെട്ട കോടതിക്കു് അധികാരമുണ്ടോ നോമിനേഷൻ നിരത്തിവെക്കുവാൻ?

ഡോക്ടർ എ. ആർ. മേനോൻ: ഞങ്ങൾ കേസിനു പോയില്ല. കോടതിയുടെ കല്പനയനുസരിച്ചു് നോമിനേഷൻ നിരത്തിവെച്ചു.

മിസ്റ്റർ എ. ഈച്ചരമേനോൻ: കോടതിക്കു് അധികാരമുണ്ടെങ്കിൽ ഹൈക്കോട്ടിൽ പോകണ്ടേ?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: ഈ കേസ്സിൽ ഗവൺമെണ്ടു് കക്ഷിയാണോ?

ഡോക്ടർ എ. ആർ മേനോൻ: കക്ഷിയല്ല.

മിസ്റ്റർ സി. വി. ഇയ്യു: ഇതു് നോമിനേറ്റ ചെയ്തു് കക്ഷിക്കു് വാസ്തവത്തിൽ നഷ്ടമല്ലെ?

ഡോക്ടർ എ. ആർ. മേനോൻ: കുറച്ചൊക്കെ നഷ്ടം വരും.

മിസ്റ്റർ സി. വി. ഇയ്യു: ആ നഷ്ടം ഗവൺമെണ്ടു കൊടുക്കേണ്ടതല്ലെ?

ഡോക്ടർ എ. ആർ. മേനോൻ: ഒരു ഹർജി വന്നിട്ടുണ്ടു്. അതിനെപ്പറ്റി ആലോചിക്കുന്നതാണു്.

## PANCHAYATS—DIRECT SUBMISSION OF PETITIONS TO HON'BLE MINISTER

**308.** മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഡോക്ടർ എ. ആർ. മേനോൻ ഗ്രാമോദ്ധാരണ മന്ത്രിയായി നിയമിതനായതിനുശേഷം എത്തെല്ലാം പഞ്ചായത്തുകൾ ബഹുമാനപ്പെട്ട മന്ത്രി അവർകൾക്കു നേരിട്ടു ഹർജികൾ സമർപ്പിച്ചിട്ടുണ്ടു്;

(ബി) പഞ്ചായത്തുകൾ, ഡയറക്ടർ അവർകൾ വഴിയായിട്ടേ ദിവാൻജി അവർകളേയോ മന്ത്രി അവർകളേയോ ഹർജിസഹിതമോ എഴുത്തു സഹിതമോ സമീപിക്കുവാൻ പാടുള്ളു എന്നും ഡയറക്ടർ അവർകൾ വഴിയല്ലാതെ നേരിട്ടു സമീപിക്കുവാൻ പാടില്ല എന്നും ഉള്ള വ്യവസ്ഥക്കു വിപരീതമായി മന്ത്രി അവർകൾക്കു ഡയറക്ടർ അവർകൾ

LIBRARY ARCHIVES Kerala Legislative Assembly

വഴിയല്ലാതെ നേരിട്ട പഞ്ചായത്തുകാർ അയച്ച ഹർജി യെസംബന്ധിച്ച് മന്ത്രി അവർകൾ എന്തു ചെയ്തു;

(സി) പഞ്ചായത്തുകാരുടെ ഇത്തരം പ്രവൃത്തികൾ കീഴ് നടപ്പിനു വിരോധമാണെന്നും ഇത്തരം പ്രവൃത്തികൾ അനാശാസ്യകരമാണെന്നും ഇതു മൂലം ഡിപ്പാർട്ട്മെണ്ടിന്റെ ഡിസിപ്ലിനു് ഹാനിതട്ടുന്നുണ്ടെന്നും ഗവൺമെണ്ടു മനസ്സിലാക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: (എ) പഞ്ചായത്തുകാർ സാധാരണ നേരിട്ട് ഗവൺമെണ്ടുമായി എഴുത്തുകുത്തുകൾ നടത്താറില്ല. പക്ഷെ ഡിപ്പാർട്ടുമെണ്ടുമായി എഴുത്തുകുത്തു നടത്തീട്ടു താമസം വന്നിട്ടുള്ള അപൂർവ്വം ചില സംഗതികളിൽ പഞ്ചായത്തു പ്രസിഡണ്ടുമാർ അവർ അയച്ചിട്ടുള്ള എഴുത്തുകളുടെ പകർപ്പുകളോടു കൂടി മന്ത്രിയെ സമീപിക്കയുണ്ടായിട്ടുണ്ടു്.

(ബി) അതിൽ വേണ്ട അന്വേഷണങ്ങൾ നടത്തി.

(സി) എ. ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള തരത്തിൽ പഞ്ചായത്തുകാർ മന്ത്രിയെ സമീപിക്കുന്നതു് കീഴ്നടപ്പിനു വിരോധമാണെന്നോ, അനാശാസ്യകരമാണെന്നോ, ഡിപ്പാർട്ടുമെണ്ടിന്റെ ഡിസിപ്ലിനു് ഹാനികരമാണെന്നോ ഗവൺമെണ്ടിനു ബോദ്ധ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഡിപ്പാർട്ടുമെണ്ടു വഴിക്കു് അയച്ച കടലാസുകൾക്കു മറുപടി കിട്ടുവാൻ താമസിച്ചതു കൊണ്ടു് ഗ്രാമോദ്ധാരണമന്ത്രി അവർകളെ സമീപിച്ചിട്ടുണ്ടെന്നാണു് എന്റെ ചോദ്യത്തിനു നൽകിയിരിക്കുന്ന മറുപടിയിൽ കാണുന്നതു്. ഡിപ്പാർട്ടുമെണ്ടു് അതിനു് മറുപടി കൊടുക്കാത്തതിനെപ്പറ്റി ഗവൺമെണ്ടു വല്ല നടപടിയും നടത്തീട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: കടലാസുകൾ ഒന്നും വൈകിക്കാതെ നേരത്തെ അയക്കണമെന്നു പറഞ്ഞിട്ടുണ്ടു്.

## MALABAR CORPORATION—APPOINTMENT AS GOVERNMENT AUCTIONEERS AND AUCTIONS CONDUCTED

**309. Mr. K. R. Viswambharan** *(Ezhuvas-Talappalli):* Will the Government be pleased to state—

(*a*) the terms and conditions on which the Malabar Corporation Ltd., has been appointed the Government Auctioneers;

(*b*) when were they appointed as such;

(*c*) how many auctions has that firm conducted in the last quarter of 1114; when and where;

(*d*) the amount realised and remitted to the Government by them towards the sale proceeds of the articles auctioned during that period;

LIBRARY ARCHIVES Kerala Legislative Assembly